LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) 31-3-2017 ത്രൈമാസ കണക്കുപ്രകാരം ബോർഡിന് കുടിശ്ശിക ഇനത്തിൽ 2121.68 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഇതിൽ 10 ലക്ഷത്തിലധികം കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ 1,45,83,37,851 രൂപയും റവന്യൂ റിക്കവറി നടപടികളിലൂടെ 4,11,47,730 രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

**വൈദ്യുതി ബോർഡ് കമ്പനിയാക്കി മാറ്റിയ ശേഷമുണ്ടായ നേട്ടവും കോട്ടവും**

175 (1939) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് കമ്പനിയാക്കി മാറ്റിയ ശേഷമുണ്ടായ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളും കോട്ടങ്ങളും വിശദീകരിക്കാമോ; വൈദ്യുതി ബോർഡിന് സ്ഥിരമായി കമ്പനി സെക്രട്ടറിയുണ്ടോ; ഉണ്ടെങ്കിൽ നിയമനരീതികൾ വിശദീകരിക്കാമോ;

(ബി) വൈദ്യുതി ബോർഡ് കമ്പനിയാക്കി മാറ്റിയ ശേഷം അതിന്റെ മാനേജ്മെന്റ് ഘടനയിൽ എന്തെല്ലാം മാറ്റംവരുത്തി എന്ന് വ്യക്തമാക്കാമോ; ഈ മാറ്റം ഗുണകരമായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(സി) പരമ്പരാഗത ഊർജ്ജ സ്രോതസുകളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് ഇന്നുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉൽപ്പാദന പ്രസരണ വിതരണ മേഖലകളെ ഒരു കുടക്കീഴിലാക്കി സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമെന്ന

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലയിൽ ഒരൊറ്റ കമ്പനിയായിട്ടാണ് വൈദ്യുതി ബോർഡിനെ പുനഃസംഘടിപ്പിച്ചത്. കമ്പനിവൽക്കരണംമൂലം പ്രവർത്തന ക്ഷമതയിൽ പ്രത്യേകിച്ച് ഗുണമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കമ്പനി വൽക്കരിക്കാതിരുന്നാൽ നഷ്ടമാകുമായിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും മറ്റാനുകൂല്യങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിന് കമ്പനിവൽക്കരണം സഹായകരമായിട്ടുണ്ട്. ഇതുമുഖേന മെച്ചപ്പെട്ട സേവനം ജനങ്ങളിൽ എത്തിക്കുന്നതിന് സാധ്യമായിട്ടുണ്ട്. ഇൻകംടാക്സ്, സർവ്വീസ് ടാക്സ് തുടങ്ങിയവയിൽ ബോർഡ് സർക്കാരിന്റെ ഭാഗമായിരുന്നപ്പോൾ അനുവദിക്കപ്പെട്ട ഇളവുകളും ആനുകൂല്യങ്ങളും കമ്പനിയായി പുനഃസംഘടിപ്പിച്ചപ്പോൾ നഷ്ടപ്പെട്ടു. കെ.എസ്.ഇ.ബി.എൽ.-ൽ ഒരു കമ്പനി സെക്രട്ടറിയുടെയും അസിസ്റ്റന്റ് കമ്പനി സെക്രട്ടറിയുടെയും തസ്തിക വീതം അനുവദിച്ചിട്ടുണ്ട്. കമ്പനി സെക്രട്ടറിയുടെ നിയമനരീതി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ചുവടെ വിവരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായാണ്.

1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറി ഓഫ് ഇന്ത്യ (ICSI)യുടെ ഫെലോ ആയിരിക്കണം. നിയമബിരുദം അഭികാമ്യം.
2. യോഗ്യത നേടിയതിനുശേഷം കമ്പനിയിൽ 10 വർഷം ജോലിപരിചയം വേണം. അതിൽ 5 വർഷം 100 കോടി രൂപയുടെ അംഗീകൃത മൂലധനമുള്ള കമ്പനിയിലായിരിക്കുകയും വേണം.
3. ഊർജ്ജ മേഖലയിലെ ജോലി പരിചയം അധിക യോഗ്യതയായിരിക്കും.
4. നിയമന സമയത്ത് പ്രായം 50 വയസ്സ് കവിയാൻ പാടില്ല.
5. ശമ്പള സ്കെയിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടേതിന് സമാനമായിരിക്കും.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കമ്പനി സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ബോർഡിനെ കമ്പനിവൽക്കരിക്കുന്നതിനുമുമ്പ് ചെയർമാൻ, ഫുൾടൈം മെമ്പർമാർ, ഒരു നോൺ ഒഫിഷ്യോ മെമ്പർ, സംസ്ഥാന സർക്കാരിലെ ധനകാര്യ-ഊർജ്ജ വകുപ്പ് സെക്രട്ടറിമാർ എന്നിവരടങ്ങിയതായിരുന്നു മാനേജ്മെന്റ് ഘടന. ബോർഡിനെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പേരിൽ കമ്പനിയായി രജിസ്റ്റർ ചെയ്തതിനെ തുടർന്ന് ചെയർമാൻ &

LIBRARY ARCHIVES Kerala Legislative Assembly

മാനേജിംഗ് ഡയറക്ടർ, ഫുൾടൈം ഡയറക്ടർമാർ, ഒരു നോൺ ഒഫിഷ്യോ ഡയറക്ടർ, സർക്കാരിലെ ധനകാര്യ-ഊർജ്ജ വകുപ്പുകളിലെ സെക്രട്ടറിമാർ എന്നിവരടങ്ങിയ ഡയറക്ടർ ബോർഡ് ആയി മാനേജ്മെന്റ് ഘടന മാറി. കമ്പനീസ് ആക്ട് 1956-ന് പകരം കേന്ദ്ര സർക്കാർ കമ്പനീസ് ആക്ട് 2013 നടപ്പിലാക്കിയതിനെ തുടർന്ന് സെക്ഷൻ 149(6) പ്രകാരം ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന വിധത്തിൽ ഇൻഡിപെൻഡന്റ് ഡയറക്ടറെ നിയമിക്കുകയും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ഫുൾടൈം ഡയറക്ടർമാർ, ഇൻഡിപെൻഡന്റ് ഡയറക്ടർ, സർക്കാർ ധനകാര്യ-ഊർജ്ജ വകുപ്പിലെ സെക്രട്ടറിമാർ എന്നിവരടങ്ങിയ നിലവിലെ മാനേജ്മെന്റ് ഘടന രൂപവൽക്കരിക്കുകയുണ്ടായി. ഇൻഡിപെൻഡന്റ് ഡയറക്ടറെ നിയമിച്ചതിന് പുറമേ പുതിയ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ആഡിറ്റ് കമ്മിറ്റി (സെക്ഷൻ 177) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി കമ്മിറ്റി (സെക്ഷൻ 131) എന്നീ കമ്മിറ്റികൾ രൂപവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിന് ഏറെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം സഹായകരമാണ്.

(സി) ഖനിജ ഇന്ധനങ്ങൾ, 25 മെഗാവാട്ടിന് മുകളിൽ ഉത്പാദന ശേഷിയുള്ള ജലസംഭരണികൾ ഇവയെ ആശ്രയിച്ച് പ്രവർത്തിക്കുന്ന വൈദ്യുതി പദ്ധതികളെ പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളായി പരിഗണിക്കുന്നു.

ജലശേഷി മാത്രമാണ് സംസ്ഥാനത്ത് സ്വാഭാവികമായി ലഭ്യമാകുന്ന പരമ്പരാഗത വൈദ്യുതോത്പാദന സ്രോതസ്സ്. 25 മെഗാവാട്ടിന് മുകളിലുള്ള പദ്ധതികളുടെ സംസ്ഥാനത്തെ മൊത്തം ശേഷി 1914 മെഗാവാട്ടാണ്.

പ്രകൃതി വാതകം ഉപയോഗിച്ചുള്ള ബ്രഹ്മപുരം (1050 മെഗാവാട്ട്), പുതുവൈപ്പിൻ (1200 മെഗാവാട്ട്), ചീമേനി (1050-1200 മെഗാവാട്ട്) തുടങ്ങിയ പദ്ധതികൾ പരിഗണനയിലുണ്ടായിരുന്നെങ്കിലും വാതക വിലയിലെ സന്നിഗ്ധത കാരണം മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല.

ബൈതരണി കൽക്കരിപ്പാടം അനുവദിച്ചതിനെത്തുടർന്ന് ചീമേനിയിൽ ഒരു കൽക്കരി നിലയം സ്ഥാപിക്കുവാൻ തീരുമാനമുണ്ടായെങ്കിലും പ്രാദേശിക എതിർപ്പിനെത്തുടർന്ന് പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല.

പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളിലൊന്നായ ജലവൈദ്യുത പദ്ധതികൾ (ചെറുകിട/വൻകിട/പമ്പ്/ഓഗ്മെന്റേഷൻ/ കപ്പാസിറ്റി അഡിഷൻ) കണ്ടെത്തുകയും അവയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ സർവ്വേയും മറ്റ് അനുബന്ധ ജോലികളും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly